പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2251 04.11.2019 ൽ മറുപടിയ്ക്ക്

നാട്ടിക മണ്ഡലത്തിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ്

ചോദ്യം
ശ്രീമതി ഗീതാ ഗോപി

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാട്ടിക മണ്ഡലത്തിൽ ഭക്ഷ്യ വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) യും (ബി) യും | നാട്ടിക മണ്ഡലത്തിൽ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്. രോഗബാധിതരായവരുടെ റേഷൻ കാർഡുകൾ അർഹതയുടെ അടിസ്ഥാനത്തിൽ ചികിത്സാർത്ഥം മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിനൽകുന്നുണ്ട്. കൂടാതെ അപേക്ഷ പരിഗണിച്ച് അന്വേഷണം പൂർത്തീകരിച്ച നോൺ പ്രയോറിറ്റി കാർഡുകൾ പ്രയോറിറ്റി, എ.എ.വൈ. യിലേയ്ക്കും മാറ്റി നൽകി വരുന്നു. 1832 അനർഹരെ കണ്ടെത്തുകയും പ്രയോറിറ്റി വിഭാഗത്തിലുള്ള അനർഹരായ കാർഡുടമകളെ നോൺ പ്രയോറിറ്റിയിലേയ്ക്ക് പരിവർത്തനം ചെയ്യും വരുന്നു.<br><br>ടി മണ്ഡലത്തിലെ ചേർപ്പ് പഞ്ചായത്തിൽ രണ്ട് സൂപ്പർ മാർക്കറ്റുകളും മറ്റെല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകളും പ്രവർത്തിച്ച് വരുന്നു. എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോ വിൽപ്പനശാലകൾ പ്രവർത്തിച്ച് വരുന്നതിനാൽ കഴിഞ്ഞ 3 വർഷത്തിനിടെ പുതിയ വിൽപ്പനശാലകൾ ആരംഭിച്ചിട്ടില്ല. വിറ്റുവരവിന്റെ അടിസ്ഥാനത്തിലും സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിപ്പിക്കാൻ ഉതകുന്ന കെട്ടിടങ്ങൾ ലഭ്യമാകുന്നതനുസരിച്ചും മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | നാട്ടിക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തിലും സപ്ലൈകോ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ